**Lang. Code : 09**

# TAJ 19-I

प्रश्न-पत्र I / PAPER I

मलयालम भाषा परिशिष्ट

Malayalam Language Supplement

भाग IV & V / PART IV & V

परीक्षा पुस्तिका संकेत
Test Booklet Code

**P**

परीक्षा पुस्तिका संख्या
Test Booklet No.

इस पुस्तिका में **24** पृष्ठ हैं ।
This booklet contains **24** pages.

**इस परीक्षा पुस्तिका को तब तक न खोलें जब तक कहा न जाए ।**
**Do not open this Test Booklet until you are asked to do so.**
**इस परीक्षा पुस्तिका के पिछले आवरण (पृष्ठ 23 व 24)पर दिए निर्देशों को ध्यान से पढ़ें ।**
**Read carefully the Instructions on the Back Cover (Page 23 & 24) of this Test Booklet.**

**मलयालम में निर्देशों के लिए इस पुस्तिका का पृष्ठ 2 देखें । / For instructions in Malayalam see Page 2 of this Booklet.**

## परीक्षार्थियों के लिए निर्देश

1. यह पुस्तिका मुख्य परीक्षा पुस्तिका की एक परिशिष्ट है, उन परीक्षार्थियों के लिए जो या तो भाग IV (भाषा I) **या** भाग V (भाषा II) **मलयालम** भाषा में देना चाहते हैं, लेकिन **दोनों नहीं** ।
2. परीक्षार्थी भाग I, II, III के उत्तर मुख्य परीक्षा पुस्तिका से दें और भाग IV व V के उत्तर उनके द्वारा चुनी भाषाओं से ।
3. अंग्रेज़ी व हिन्दी भाषा पर प्रश्न मुख्य परीक्षा पुस्तिका में भाग IV व भाग V के अन्तर्गत दिए गए हैं । भाषा परिशिष्टों को आप अलग से माँग सकते हैं ।
4. इस पृष्ठ पर विवरण अंकित करने एवं उत्तर पत्र पर निशान लगाने के लिए **केवल काले/नीले बॉल पॉइंट पेन** का प्रयोग करें ।
5. इस भाषा पुस्तिका का **संकेत** है **P** । यह सुनिश्चित कर लें कि इस भाषा परिशिष्ट पुस्तिका का संकेत, उत्तर पत्र के **पृष्ठ-2** एवं मुख्य परीक्षा पुस्तिका पर छपे संकेत से मिलता है । अगर यह भिन्न हो, तो परीक्षार्थी दूसरी भाषा परिशिष्ट परीक्षा पुस्तिका लेने के लिए निरीक्षक को तुरन्त अवगत कराएँ ।
6. इस परीक्षा पुस्तिका में **दो** भाग IV और V हैं, जिनमें **60** वस्तुनिष्ठ प्रश्न हैं, जो प्रत्येक 1 अंक का है :
   भाग-IV : भाषा I - (मलयालम) (प्र. 91 से प्र. 120)
   भाग-V : भाषा II - (मलयालम) (प्र. 121 से प्र. 150)
7. भाग-IV में भाषा-I के लिए 30 प्रश्न और भाग-V में भाषा-II के लिए 30 प्रश्न दिए गए हैं । इस परीक्षा पुस्तिका में केवल मलयालम भाषा से संबंधित प्रश्न दिए गए हैं । **यदि भाषा-I और/या भाषा-II में आपके द्वारा चुनी गई भाषा(एँ) मलयालम के अलावा है तो कृपया उस भाषा वाली परीक्षा पुस्तिका माँग लीजिए । जिन भाषाओं के प्रश्नों के उत्तर आप दे रहे हैं वह आवेदन पत्र में चुनी गई भाषाओं से अवश्य मेल खानी चाहिए ।**
8. **परीक्षार्थी भाग-V (भाषा-II) के लिए, भाषा सूची से ऐसी भाषा चुनें जो उनके द्वारा भाषा I (भाग-IV) में चुनी गई भाषा से भिन्न हो ।**
9. रफ कार्य परीक्षा पुस्तिका में इस प्रयोजन के लिए दी गई खाली जगह पर ही करें ।
10. सभी उत्तर केवल OMR उत्तर पत्र पर ही अंकित करें । अपने उत्तर ध्यानपूर्वक अंकित करें । उत्तर बदलने हेतु श्वेत रंजक का प्रयोग निषिद्ध है ।

## *INSTRUCTIONS FOR CANDIDATES*

1. This booklet is a supplement to the Main Test Booklet for those candidates who wish to answer **EITHER** Part IV (Language I) **OR** Part V (Language II) in **MALAYALAM** language, but **NOT BOTH**.
2. Candidates are required to answer Parts I, II, III from the Main Test Booklet and Parts IV and V from the languages chosen by them.
3. Questions on English and Hindi languages for Part IV and Part V have been given in the Main Test Booklet. Language Supplements can be asked for separately.
4. Use **Balck/Blue Ball Point Pen only** for writing particulars on this page / marking responses in the Answer Sheet.
5. The CODE for this Language Booklet is **P**. Make sure that the CODE printed on **Side-2** of the Answer Sheet and on your Main Test Booklet is the same as that on this Language Supplement Test Booklet. In case of discrepancy, the candidate should immediately report the matter to the Invigilator for replacement of the Language Supplement Test Booklet.
6. This Test Booklet has **two** Parts, IV and V, consisting of **60** Objective Type Questions, each carrying 1 mark :
   Part-IV : Language I - (Malayalam) (Q. 91 to Q. 120)
   Part-V : Language II - (Malayalam) (Q. 121 to Q. 150)
7. Part-IV contains 30 questions for Language-I and Part-V contains 30 questions for Language-II. In this Test Booklet, only questions pertaining to Malayalam language have been given. **In case the language/s you have opted for as Language-I and/or Language-II is a Language other than Malayalam, please ask for a Test Booklet that contains questions on that language. The language being answered must tally with the languages opted for in your Application Form.**
8. **Candidates are required to attempt questions in Part -V (Language-II) in a language other than the one chosen as Language-I (in Part-IV) from the list of languages.**
9. Rough work should be done only in the space provided in the Test Booklet for the same.
10. The answers are to be recorded on the OMR Answer Sheet only. Mark your responses carefully. No whitener is allowed for changing answers.

परीक्षार्थी का नाम (बड़े अक्षरों में) : ____________________
Name of the Candidate (in Capitals) :

अनुक्रमांक : (अंकों में) ____________________
Roll Number : in figures

: (शब्दों में) ____________________
: in words

परीक्षा केन्द्र (बड़े अक्षरों में) : ____________________
Centre of Examination (in Capitals) :

परीक्षार्थी के हस्ताक्षर : ____________________ निरीक्षक के हस्ताक्षर : ____________________
Candidate's Signature : Invigilator's Signature :

Facsimile signature stamp of
Centre Superintendent ____________________

P

**Lang. Code : 09**

# TAJ 19-I

പരീക്ഷാ ചെറുപുസ്തക സങ്കേതം

**P**

ഈ പുസ്തികയിൽ **24** താളുകൾ ഉണ്ട്.

**പേപ്പർ I**

## മലയാളം ഭാഷാ അനുബന്ധം

## ഭാഗം IV & V

**പറയുന്നതുവരെ ഈ പരീക്ഷാ പുസ്തിക തുറക്കരുത്.**

**ഈ പുസ്തികയുടെ പുറംതാളിൽ (പേജ് 23 & 24) കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ വായിക്കുക.**

### പരീക്ഷാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ :

1. ഈ പുസ്തിക മുഖ്യപരീക്ഷാ പുസ്തകത്തിന്റെ ഒരു അനുബന്ധമാണ് IV (ഭാഷ I) അല്ലെങ്കിൽ V (ഭാഷ II) ഭാഗം മാത്രം മലയാളത്തിൽ ഉത്തരമെഴുതാൻ ആഗ്രഹിക്കുന്ന പരീക്ഷാർത്ഥികൾക്കു-വേണ്ടിയാണ്, രണ്ടു ഭാഗങ്ങളും ഒരേ ഭാഷയിൽ എഴുതാനല്ല.
2. പരീക്ഷാർത്ഥികൾ I, II, III ഉം ഭാഗം മുഖ്യ പരീക്ഷാ പുസ്തകത്തിലും IV ഉം V ഉം ഭാഗങ്ങൾ തങ്ങൾ തെരഞ്ഞെടുത്ത ഭാഷയിലും ഉത്തരമെഴുതണം.
3. IV ഉം V ഉം ഭാഗങ്ങളിലെ ഇംഗ്ലീഷ്/ഹിന്ദി ചോദ്യങ്ങൾ മുഖ്യ പരീക്ഷാ പുസ്തകത്തിലുണ്ട്. ഇതര ഭാഷാ അനുബന്ധങ്ങൾ ചോദിച്ചു വാങ്ങുക.
4. ഈ പേജിലെ വിവരങ്ങൾ എഴുതാനും/ഉത്തരം എഴുതാനും, **നീല ബോൾ പോയിന്റ് പേന മാത്രം** ഉപയോഗിക്കുക.
5. ഈ പുസ്തികയുടെ സങ്കേതം (കോഡ്) **P** ആണ്. നിങ്ങളുടെ ഉത്തരക്കടലാസ്സിന്റെ **വശം 2**-ലും നിങ്ങളുടെ മുഖ്യ പരീക്ഷാ പുസ്തകത്തിലും ഉള്ള സങ്കേതം (കോഡ്) ഈ ഭാഷാ അനുബന്ധത്തിലുള്ള അതേ കോഡ് തന്നെ എന്ന് ഉറപ്പുവരുത്തുക.
6. IV, V എന്ന രണ്ടു ഭാഗങ്ങൾ ഈ പുസ്തികയിൽ ഉണ്ട്. **60** വസ്തുനിഷ്ഠമായ (ഓബ്ജക്ടീവ്) ചോദ്യങ്ങളും ഉണ്ട്. ഓരോ ചോദ്യത്തിനും **ഒരു (1)** മാർക്ക്.
   ഭാഗം IV - ഭാഷ I (മലയാളം) (ചോദ്യം 91 - 120)
   ഭാഗം V - ഭാഷ II (മലയാളം) (ചോദ്യം 121 - 150)
7. ഭാഗം IVൽ (ഭാഷ I) **30** ചോദ്യങ്ങളും, ഭാഗം Vൽ (ഭാഷ II) **30** ചോദ്യങ്ങളും ഉണ്ട്. ഈ പുസ്തികയിൽ മലയാള ഭാഷയിൽ മലയാള ഭാഷയെ ആസ്പദമാക്കിയ ചോദ്യങ്ങളാണ് ഉള്ളത്. **നിങ്ങൾ മലയാള ഭാഷയല്ലാതെ വേറേ ഭാഷ I / ഭാഷ II തെരഞ്ഞെടുത്തതെങ്കിൽ, ആ ഭാഷയിലെ ചോദ്യങ്ങൾ ആവശ്യപ്പെടുക. അപേക്ഷാ ഫോമിലെന്തു ഭാഷയാണോ നിങ്ങൾ ഐച്ഛികമായി എടുത്തിരിക്കുന്നത് അതേ ഭാഷയിലെ തന്നെ ചോദ്യങ്ങളായിരിക്കണം നിങ്ങൾ ഉത്തരമെഴുതേണ്ടത്.**
8. **പരീക്ഷാർത്ഥികൾ ഭാഗം V (ഭാഷ II)ൽ ഉത്തരമെഴുതുന്ന ഭാഷ ഭാഗം IV (ഭാഷ I)ൽ നിന്നും വ്യത്യസ്തമായ ഭാഷയായിരിക്കണം.**
9. റഫ് വർക്ക് ചെയ്യുന്നതിന് പരീക്ഷാ പുസ്തികയിൽ അതിനായി തന്നിട്ടുള്ള സ്ഥാനത്ത് മാത്രം ചെയ്യുക.
10. ഉത്തരങ്ങൾ OMR ഉത്തര പുസ്തികയിൽ മാത്രം രേഖപ്പെടുത്തുക. ഉത്തരം ശ്രദ്ധാപൂർവ്വം രേഖപ്പെടുത്തുക. ശ്വേത രഞ്ജകം (Whitener) ഉപയോഗിക്കാൻ അനുവാദമില്ല.

പരീക്ഷാർത്ഥിയുടെ പേര് : ______________________

റോൾ നമ്പർ : (അക്കത്തിൽ) ______________________

: (അക്ഷരത്തിൽ) ______________________

പരീക്ഷാ കേന്ദ്രം (വലിയ അക്ഷരത്തിൽ) : ______________________

പരീക്ഷാർത്ഥിയുടെ ഒപ്പ് ______________ ഇൻവിജിലേറ്ററിന്റെ ഒപ്പ് ______________

Facsimile signature stamp of
Centre Superintendent ______________________

**ഭാഷ I മലയാളം** തെരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം **ഭാഗം IV (ചോദ്യങ്ങൾ 91-120)** ഉത്തരമെഴുതുക.

Candidates should attempt the questions from **Part-IV [Q. No. 91 – 120],** if they have opted **MALAYALAM** as **LANGUAGE – I** only.

## ഭാഗം – IV
## ഭാഷ – I
## മലയാളം

**ഭാഷ – I മലയാളം തെരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം ഭാഗം – IV (ചോദ്യങ്ങൾ 91-120) ഉത്തരമെഴുതുക.**

**താഴെ കൊട്ടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് (91-99) ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.**

സാഹിത്യകാരൻ എഴുതുന്നത് ജനങ്ങൾക്കു വേണ്ടിയാണ് ; അതവർക്ക് സുഗ്രഹമാകത്തക്കവണ്ണം വേണം എന്ന കാര്യത്തിൽ ഗാന്ധിജിക്ക് നിഷ്ക്കർഷയുണ്ടായിരുന്നു. ധനവും സ്ഥാനമാനങ്ങളും വിദ്യാഭ്യാസവും കഷ്ടിയായ സാധാരണക്കാരാണ് ഇന്ത്യയിൽ ഭൂരിഭാഗംപേരും. അവർ ഗ്രാമനിവാസികളുമാണ്. അവരെ ഉയർത്തിക്കൊണ്ടുവരണം. സാഹിത്യം ലക്ഷ്യപ്രാപ്തിക്കുള്ള മാർഗ്ഗം മാത്രമാണ്. “എഴുത്തുകാരൻ എപ്പോഴും ജനലക്ഷങ്ങളോടുള്ള കടമ ഓർക്കണം. അവർക്കെത്രത്തോളം ഗുണകരമാകുന്നുവോ അത്രത്തോളം മാത്രമേ അയാളുടെ കലയ്ക്ക് അംഗീകാരമുള്ളൂ” – എന്ന് ഗാന്ധിജി പ്രഖ്യാപിച്ചിട്ടുണ്ട്.

കല ലക്ഷ്യപ്രാപ്തിക്കുള്ള മാർഗ്ഗമാകണമെന്നും അത് ജനങ്ങൾക്ക് സുഗമമാകണമെന്നുള്ള ഗാന്ധിജിയുടെ വാദം സാഹിത്യത്തിലെ മാർക്സിയൻ ആദർശവുമായി പൊരുത്തപ്പെടുന്നതാണെങ്കിലും വർഗ്ഗസംഘർഷത്തിലൂടെയുള്ള സോഷ്യലിസ്റ്റ് പ്രാപ്തിയല്ല, ഹൃദയപരിവർത്തനത്തിലൂടെയുള്ള മാനവസമതയും മൈത്രിയുമാണ് ഗാന്ധിജിയുടെ ആദർശമെന്ന സാരമായ അന്തരമാണ് ശ്രദ്ധേയം. ആദ്ധ്യാത്മികതയിൽ വേരൂന്നുന്ന ഈ ഉൽകൃഷ്ടചേതോവൃത്തിയെ ഊട്ടിവളർത്താൻപോന്ന വസ്തുവിഷയം കലയുടെ ഉള്ളടക്കമായിരിക്കണമെന്നതിൽ ഗാന്ധിജി ഊന്നുന്നു. ഭാവനാരൂപത്തിലും രൂപശില്പസൃഷ്ടിയിലും കൃത്രിമത്വവും സങ്കീർണ്ണതയും വരുത്താതെ സാഹിത്യം

പ്രകൃതിസൗന്ദര്യം പോലെ സർവ്വജനസുഗമവും ആസ്വാദ്യവുമാകണം എന്നുകൂടി ഗാന്ധിജി സിദ്ധാന്തിക്കുന്നു. ദർശനത്തേയും ഉദ്ബോധകത്വത്തേയും സർവ്വപ്രധാനമായി ഉയർത്തിപ്പിടിക്കുന്നവർ കലയിലെ ഉള്ളടക്കത്തിന് മുൻതൂക്കം നൽകിക്കാണാം. അവർ ആവിഷ്കാരത്തിലെ കലാസൗന്ദര്യത്തിൽ നിഷ്കർഷ കാണിച്ചെന്നുവരില്ല. വർഗ്ഗരഹിത സമുദായവും സോഷ്യലിസ്റ്റ് വ്യവസ്ഥിതിയും യാഥാർത്ഥ്യമാക്കാൻ, വർഗ്ഗാടി-സ്ഥാനത്തിലുള്ള തുറന്ന സംഘട്ടനത്തിന് ആഹ്വാനം ചെയ്യുന്ന, വിപ്ലവാത്മകമായ ഉള്ളടക്കത്തിന് പ്രാധാന്യം കല്പിച്ച, സോഷ്യലിസ്റ്റ് റിയലിസപ്രസ്ഥാനക്കാരായ കമ്മ്യൂണിസ്റ്റ് സാഹിത്യനായകന്മാരുടെ വഴക്കം അതാണ്. വിഭാഗീയതകൾകൂടാതെ സാമ്പത്തിക സ്വയംപര്യാപ്തതയും മാനവസമത്വവും കൈവരിക്കുന്നതിൽ ഗാന്ധിജി മനുഷ്യനിലെ നന്മയിലും മനുഷ്യമനസ്സിന്റെ പരിവർത്തന സാധ്യതയിലും, മാർക്സിയൻ ചിന്താഗതി സംഘടിതശക്തി പ്രയോഗത്തിലും വിശ്വസിക്കുന്നു. പിഴച്ച മാർഗ്ഗത്തിലൂടെ പവിത്രമായ ലക്ഷ്യത്തിലെത്താ-നാകില്ലെന്നും, ലക്ഷ്യത്തെപ്പോലെ തന്നെ മാർഗ്ഗവും ശുദ്ധമായിരിക്കണമെന്നുമാണ് ഗാന്ധിജി അരുളിയ പാഠം. അതാണ് സത്യമെന്നു സോവിയറ്റ് യൂണിയന്റെ തകർച്ചയിലൂടെ ചരിത്രം തെളിയിച്ചിട്ടുമുണ്ടല്ലോ. സാമ്പത്തികവും ജാതീയവുമായ ഉച്ചനീചത്വങ്ങളാലും അനാചാരങ്ങളാലും ചൂഷണങ്ങളാലും പീഡിതമായിരുന്ന ബഹുഭൂരിപക്ഷത്തിന്റെ ജീവിതത്തിലെ ദൈന്യത്തെ ചിത്രീകരിച്ച് സമൂഹമനസ്സാക്ഷിയെ വിമർശിക്കുന്നതിലും ഉണർത്തുന്നതിലും, പൊതുവെ ഭാരതത്തിലെ സാഹിത്യകാരന്മാർക്ക് ദേശിയ നവോത്ഥാനാദർശങ്ങളും ദേശീയപ്രസ്ഥാനവും സ്വാതന്ത്ര്യസ-മരാവേശവും നൽകിയ പ്രചോദനത്തോടൊപ്പം, രാഷ്ട്രീയമായി ആദർശ ഭിന്നതകളുമുണ്ടായിരിക്കെത്തന്നെ, റഷ്യയിലെ സ്ഥിതിസമത്വാദർശവും ഉത്തേജകമായിട്ടുണ്ട്.

**91. കലാസൗന്ദര്യത്തേക്കാൾ ഉള്ളടക്കത്തിനു പ്രാധാന്യം നല്കുന്നത് ഏതു വിഭാഗമാണ് ?**

(1) സോഷ്യലിസ്റ്റ് റിയലിസം

(2) റൊമാന്റിസിസം

(3) ക്ലാസ്സിസിസം

(4) ഫോർമലിസം

**92. ഗാന്ധിജിയുടെ വീക്ഷണത്തിൽ കല :**

(1) സമൂഹ മന:സാക്ഷിയെ ഉണർത്തുന്നതാണ്

(2) നവോത്ഥാനാദർശങ്ങൾ പ്രചരിപ്പിക്കുന്നതാണ്

(3) ജീവിതദൈന്യം ചിത്രീകരിക്കുന്നതാണ്

(4) ലക്ഷ്യ പ്രാപ്തിക്കുള്ള മാർഗ്ഗ മാകണം

**93. ഗാന്ധിജി നമ്മെ പഠിപ്പിച്ച പാഠമെന്താണെന്ന് ലേഖകൻ ഓർമ്മപ്പെടുത്തുന്നത് :**

(1) ലക്ഷ്യം പ്രധാനമാണ്

(2) മാർഗ്ഗം പ്രധാനമാണ്

(3) ലക്ഷ്യത്തേക്കാൾ മാർഗ്ഗം പ്രധാനമാണ്

(4) ലക്ഷ്യത്തോടൊപ്പം മാർഗ്ഗം പ്രധാനമാണ്

**94. ഉത്കൃഷ്ടം എന്നതിന്റെ വിപരീത പദം ഏത് ?**

(1) അനിഷ്ടം

(2) അപകൃഷ്ടം

(3) പരാകൃഷ്ടം

(4) വരിഷ്ഠം

**95. സാഹിത്യം എങ്ങനെ ആസ്വാദ്യമാകണമെന്നാണ് ഗാന്ധിജി കരുതുന്നത് ?**

(1) കൃത്രിമത്വം കലർന്നുകൊണ്ട്

(2) പ്രകൃതി സൗന്ദര്യം പോലെ

(3) പണ്ഡിതലോകം ഇഷ്ടപ്പെടുന്നതു പോലെ

(4) സങ്കീർണ്ണതകൾ നിറഞ്ഞ്

**96. സംഘടിതശക്തി പ്രയോഗത്തിനെതിരായി ഗാന്ധിജി ഉയർത്തിപ്പിടിച്ച ആശയമെന്ത് ?**

(1) മനുഷ്യനിലെ നന്മ

(2) വർഗ്ഗ രഹിത സമുദായം

(3) സാമ്പത്തിക മുന്നേറ്റം

(4) വർഗ്ഗ സംഘർഷം

**97. താഴെ കൊടുത്തവയിൽ ഭാരതീയ സാഹിത്യകാരന്മാരെ ഉത്തേജിപ്പിച്ചതായി ലേഖകൻ വിശ്വസിക്കുന്നത് എന്ത് ?**

(1) ജാതീയമായ ഉച്ചനീചത്വങ്ങൾ

(2) റഷ്യയിലെ സ്ഥിതി സമത്വാദർശം

(3) സമൂഹത്തിലെ അനാചാരങ്ങൾ

(4) ജനങ്ങളുടെ ദയനീയാവസ്ഥ

**98. കല അംഗീകരിക്കപ്പെടുന്നത് എപ്പോഴാണെന്ന് ഗാന്ധിജി കരുതുന്നത് :**

(1) വർഗ സംഘർഷം ഉണ്ടാകുമ്പോൾ

(2) സാധാരണക്കാരന് ഗുണകരമാകുമ്പോൾ

(3) ലക്ഷ്യ പ്രാപ്തിയിലെത്തുമ്പോൾ

(4) സ്ഥാനമാനാദികൾ ലഭിക്കുമ്പോൾ

**99. സാഹിത്യം എങ്ങനെയായിരിക്കണമെന്നാണ് ഗാന്ധിജിയുടെ അഭിപ്രായം ?**

(1) കൃത്രിമവും സങ്കീർണവുമാകണം

(2) രൂപശില്പ സൗകുമാര്യം വേണം

(3) സർവ്വജനസുഗമവും ആസ്വാദ്യവുമാകണം

(4) ഉദ്ബോധനാത്മകമായിരിക്കണം

**താഴെ കൊടുത്തിരിക്കുന്ന പദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് (100-105) ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.**

മുഗ്ദ്ധഭാവവും പൂണ്ടെൻ
　　പുലരിത്തുടുപ്പാർന്ന
മുറ്റത്തു വന്നെത്തീ നീ
　　പാവമാം ഭിക്ഷക്കാരി.
ചിതറിച്ചിടയാർന്ന
　　മുടിയും, കീറിത്തുണ്ടു
മുടയാടയും, പാശി
　　മാലയും ധരിച്ചവൾ,
ആളിടും ദാരിദ്ര്യത്തിൻ
　　ചെന്തീയിൽ കരിഞ്ഞവൾ
നീൾമിഴിക്കോണിൽ തപ്ത-
　　വേദനയുറങ്ങുവോൾ.
തോളിലെ മാറാപ്പിലൂ-
　　ടല്ലലാൽ, പശിയാലും
ചുളിനോക്കുന്നുണ്ടൊരു
　　പൈതലിൻ കൃശഗാത്രം.
പാടുവാൻ തുടങ്ങി നീ-
　　യദ്ഭുതം കലർന്നു നിൻ
പാടവം നിരീക്ഷിച്ചു
　　നിന്നു ഞാൻ നിശ്ശബ്ദയായ്,

**100. ഭിക്ഷക്കാരി കരിഞ്ഞവളാണെന്നു പറയാൻ കാരണം**

(1) വിറകടുപ്പിലെ പുകകൊണ്ട്

(2) വെയിലത്ത് അലഞ്ഞുതിരിഞ്ഞതിനാൽ

(3) കറുത്ത നിറമായതുകൊണ്ട്

(4) ദാരിദ്ര്യത്തിന്റെ ചൂടുകാരണം

**101. വിശപ്പിനെ സൂചിപ്പിക്കാൻ കവിതയിൽ ഉപയോഗിച്ച പദം**

(1) പശി

(2) പാശി

(3) തപ്തം

(4) മുഗ്ദ്ധം

**102. 'ആളുക' എന്നതിന് കവിതയിൽ കല്പിക്കുന്ന സൂചന**

(1) തണപ്പ്

(2) വർദ്ധന

(3) വിറയൽ

(4) ചൂട്

**103. കവി നിശ്ശബ്ദയായത്**

(1) ഭിക്ഷക്കാരിയുടെ വേഷം കണ്ട്

(2) ഭിക്ഷക്കാരിയുടെ പാട്ടിലെ മികവുകണ്ട്

(3) ഭിക്ഷക്കാരിയുടെ ദാരിദ്ര്യം കണ്ട്

(4) ഭിക്ഷക്കാരിയുടെ കണ്ണീരു കണ്ട്

**104. ഭിക്ഷക്കാരി മുറ്റത്ത് എത്തിയത് ഏപ്പോൾ ?**

(1) പുലർച്ചക്കു മുമ്പ്

(2) പ്രഭാതത്തിൽ

(3) നട്ടുച്ചയ്ക്ക്

(4) വൈകുന്നേരത്ത്

**105. ഈ പദ്യത്തിൽ ഭിക്ഷക്കാരിയെ ചിത്രീകരിക്കുന്നത് എങ്ങനെ?**

(1) കൗശലക്കാരിയായി

(2) ദുഷ്ടയായി

(3) സാധുവായി

(4) ശുണ്ഠിക്കാരിയായി

**106. ഒന്നാംക്ലാസ്സിലെ ഒരു ഭാഷാപാഠപുസ്തകം അക്ഷര മാലയിൽ തുടങ്ങി രണ്ടക്ഷരമുള്ള വാക്കുകൾ, മൂന്നക്ഷരമുള്ള വാക്കുകൾ എന്നിക്രമത്തിൽ കഥകളും കവിതകളുമായി ക്രമീകരിച്ചിരിക്കുന്നു, ഇത് ഏതു സമീപന രീതിയനുസരിച്ചാണ് ?**

(1) ഊർധ്വഗാമിയായ സമീപനം (Bottom-top)

(2) അധോഗാമിയായ സമീപനം (Top-down)

(3) അനുശാസിത സമീപനം (Disciplinary)

(4) അധ്യയനക്രമാനുസാരിയായ സമീപനം (Curriculum frame work)

**107. വായനാ വൈകല്യമെന്നത്**

(1) ഡിസ്ലെക്സിയ

(2) ഡിസ്ഗ്രാഫിയ

(3) ഡിസ്കാൽകുലിയ

(4) ഡിസ്ഫോറിയ

**108. എഴുത്തു പരിശീലിപ്പിക്കാൻ ഭാഷാക്ലാസ്സിലെ ടീച്ചർ ചെയ്യേണ്ടത്**

(1) വിഷയത്തെകുറിച്ച് നല്ല ധാരണയുണ്ടാക്കാനും പുതിയ ആശയങ്ങൾ ഉണ്ടാക്കാനും കുട്ടികളോട് ആവശ്യപ്പെടുക

(2) ബോർഡിൽനിന്നും വിഷയവുമായി ബന്ധപ്പെട്ട ഒരു ഖണ്ഡിക പകർത്താൻ ആ വശ്യപ്പെടുക

(3) സ്കൂളിലേക്കു വരുമ്പോൾ വ്യത്യസ്ത ഖണ്ഡികകൾ വായിച്ചിരിക്കണമെന്ന് നിർദ്ദേശിക്കുക

(4) കുട്ടികളോട് നല്ല കൈയക്ഷരത്തിൽ എഴുതാൻ ആവശ്യപെടുക

**109. അടിസ്ഥാനപരമായി ഒരു കുട്ടി മാതൃഭാഷ സ്വായത്തമാകുന്നത് :**

(1) കേൾവിയിലൂടെ

(2) സംസാരത്തിലൂടെ

(3) എഴുത്തിലൂടെ

(4) ഔപചാരിക പഠനത്തിലൂടെ

**110. താഴെ കൊടുത്തവയിൽ ഉല്പാദന നൈപുണി (productive skill) യിൽ പെടുന്നത് ഏവ ?**

(1) വായനയും എഴുത്തും

(2) വായനയും കേൾവിയും

(3) സംസാരവും എഴുത്തും

(4) സംസാരവും കേൾവിയും

**111. മൂന്നാം ക്ലാസ്സിലെ കരുണ ടീച്ചർക്ക് കവിത പഠിപ്പിച്ച ശേഷം കുട്ടികൾക്ക് ചില പ്രവൃത്തികൾ ചെയ്യാൻ നിർദ്ദേശിക്കണം. കുട്ടികൾ ഉത്സാഹത്തോടെ ചെയ്യാൻ സാധ്യതയുള്ള ഏതു പ്രവൃത്തിയാണ് അവർ തെരഞ്ഞെടുക്കേണ്ടത് ?**

(1) കവിതാപാഠത്തിനു ശേഷം നൽകിയ ചോദ്യങ്ങൾക്ക് ഉത്തരം നല്കാൻ കുട്ടികളോട് ആവശ്യപ്പെടൽ

(2) സംഘംതിരിഞ്ഞ് കവിതയെ വ്യാഖ്യാനിക്കാൻ ആവശ്യപ്പെടൽ

(3) കവിത മുഴുവൻ ഹൃദിസ്ഥമാക്കാൻ കുട്ടികളോട് ആവശ്യപ്പെടൽ

(4) കവിതയിൽ നിന്നുള്ള പുതിയ വാക്കുകൾ ചേർത്ത് സ്വന്തം വാക്യങ്ങൾ ഉണ്ടാക്കാൻ ആവശ്യപ്പെടൽ

**112. താഴെ കൊടുത്തവയിൽ ഭാഷാർജ്ജന പ്രക്രിയയുമായി യോജിക്കുന്നത് ഏത്?**

(1) കുട്ടികൾക്ക് ഭാഷാർജ്ജനത്തിനു സ്വയം കഴിവില്ല.

(2) സ്കൂളിലെത്തുമ്പോൾ കുട്ടികൾ ഭാഷപഠിക്കുന്നു.

(3) കുട്ടികൾക്ക് ഭാഷാർജ്ജനത്തിനു സ്വയം കഴിവുണ്ട്

(4) കുട്ടികൾ വ്യത്യസ്ത പ്രഭവങ്ങളിലൂടെ ഭാഷ സ്വായത്തമാക്കുന്നു.

**113. താഴെ കൊടുത്തവയിൽ ഭാഷാപഠന പ്രക്രിയയിൽ ഏറ്റവും പ്രധാനപ്പെട്ടത് ഏത് ?**

(1) അധ്യാപന അധ്യയന സാമഗ്രികൾ

(2) സാമൂഹികമായ ഇടപെടലുകൾ

(3) പുസ്തകവായന

(4) സിനിമയും നാടകവും കാണൽ

**114. ഒരധ്യായത്തിൽ ചിത്രമോ ചിത്രീകരണങ്ങളോ ചേർക്കുന്നു – ഇത് :**

(1) അധ്യായങ്ങളിൽ ചിത്രങ്ങൾ ചേർക്കുന്നത് പാഠപുസ്തകങ്ങളുടെ പ്രവണതയാണ്

(2) പാഠപുസ്തകങ്ങൾ ആകർഷകമാക്കുന്നതിനു വേണ്ടി

(3) അമൂർത്തമായ ആശയങ്ങൾ മനസ്സിലാക്കുന്നതിനു വേണ്ടി

(4) അധ്യായങ്ങൾ എഴുതുക ക്ലേശകരവും, ചിത്രങ്ങൾ വരക്കുക എളുപ്പവുമായതിനാൽ

**115. നല്ല ലേഖന കർത്താവാകാൻ ലേഖന രചനയിൽ ഏതിലാണ് ടീച്ചർ ശ്രദ്ധിക്കേണ്ടത് ?**

(1) കൈയക്ഷരത്തിൽ

(2) വ്യാകരണത്തിൽ

(3) ആവിഷ്കരണത്തിൽ

(4) പദങ്ങളുടെ സംഖ്യയിൽ

**116. 'ഡിസ്ലേറിയ' താഴെ കൊടുത്തവയിൽ ഏതുമായി ബന്ധപ്പെട്ടതാണ്?**

(1) മനോ വൈകല്യം

(2) സ്വഭാവ വൈകല്യം

(3) സംഖ്യാഗണനാ വൈകല്യം

(4) വായനാ വൈകല്യം

**117. ഒരു പാഠം വായിക്കുന്ന സന്ദർഭത്തിൽ ഏറ്റവും പ്രധാനപ്പെട്ടത് താഴെ കൊടുത്തവയിൽ ഏതാണ് ?**

(1) കൃത്യമായ ഉച്ചാരണത്തോടെ വായിക്കൽ

(2) കൃത്യമായ ചിഹ്നങ്ങൾ (Punctuation) ഉപയോഗിക്കൽ

(3) പാഠത്തിന്റെ അർത്ഥം മനസ്സിലാക്കൽ

(4) അതിവേഗം വായിക്കൽ

**118. രണ്ടാം ക്ലാസ്സിലെ താഷടീച്ചർ കുട്ടികളുടെ പദസഞ്ചയം (vocabulary) വികസിപ്പിക്കുന്നതിൽ ഊന്നൽ നല്കുന്നു. ഇതിന് താഴെ കൊടുത്തവയിൽ ഏറ്റവും നല്ല ഉപായമേത്?**

(1) പുതിയ അധ്യായം വായിച്ചുതുടങ്ങുന്നതിനു മുമ്പായി എല്ലാ പുതിയ വാക്കുകളും ഹൃദിസ്ഥമാക്കുക

(2) പുതിയ വാക്കുകളുടെ അർത്ഥം സന്ദർഭമനുസരിച്ച് കുട്ടികൾ ഊഹിച്ചെടുക്കൽ

(3) പുതിയതോ വിഷമമുള്ളതോ ആയ പദങ്ങൾക്കായി ഡിക്ഷണറി നോക്കൽ

(4) അധ്യായത്തിലെ പുതിയതും വിഷമമുള്ളതുമായ വാക്കുകളുടെ അടിയിൽ വരയിട്ട ശേഷം അവയുടെ അർത്ഥം ഹൃദിസ്ഥമാക്കൽ.

**119. രണ്ടാംക്ലാസ്സിലെ ഒരു ടീച്ചർ ആംഗ്യഭാവാദികളോടെ ഒരു കഥ രസകരമായി ക്ലാസ്സിൽ പറയുകയാണ് അതു തീർന്നശേഷം അവർ ചില കുട്ടികളോട് സ്വന്തം രീതിയിൽ കഥ വീണ്ടും പറയാൻ ആവശ്യപ്പെടുന്നു. ഇതിലൂടെ അവർ വിലയിരുത്താൻ ശ്രമിക്കുന്നത്.**

(1) ശ്രവണക്ഷമത

(2) ഭാഷണക്ഷമത

(3) വായനക്ഷമത

(4) ലേഖനക്ഷമത

**120. ക്ലാസ്സുമുറിയിലെ ചിത്രബഹുലമായ അന്തരീക്ഷം എന്നത്:**

(1) ക്ലാസ്സുമുറിയിലെ ചായം തേച്ച ചുമരുകൾ

(2) പഠനവിഷയവുമായി ബന്ധപ്പെട്ട എഴുത്തു സാമഗ്രികൾ ചുമരിൽ പതിപ്പിക്കുന്നത്

(3) വലിയ അക്ഷരങ്ങളിൽ അക്ഷരമാല എഴുതി ചുമരിൽ തുക്കുന്നത്.

(4) കവിതകളും അവയുടെ ചിത്രണങ്ങളും വിവിധ നിറങ്ങളിൽ ചുമരിൽ വരയ്ക്കുന്നത്.

**ഭാഷ II മലയാളം** തെരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം **ഭാഗം V (ചോദ്യങ്ങൾ 121-150)** ഉത്തരമെഴുതുക.

Candidates should attempt the questions from **Part-V [Q. No. 121 – 150],** if they have opted **MALAYALAM** as **LANGUAGE – II** only.

## ഭാഗം – V
## ഭാഷ – II
## മലയാളം

**ഭാഷ – II മലയാളം തെരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം ഭാഗം – V (ചോദ്യങ്ങൾ 121-150) ഉത്തരമെഴുതുക.**

**താഴെ കൊട്ടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് (121-128) ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.**

വ്യക്തിപരവും ഔദ്യോഗികവുമായ കാര്യങ്ങൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തുമായി ധാരാളം സഞ്ചരിക്കാൻ എനിക്കവസരം ലഭിച്ചിട്ടുണ്ട്. വിദേശയാത്രകൾ സ്വഭാവികമായും വിമാനങ്ങളിലായിരുന്നു. ഏറിയകൂറും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പോകുന്നതും വരുന്നതുമൊക്കെ വിമാനത്തിൽ തന്നെ.

വിമാനയാത്രയ്ക്ക് സമയത്തിന്റെ കാര്യത്തിൽ വലിയ മെച്ചമുണ്ടെകിലും മറ്റുപലതും വെച്ചുനോക്കുമ്പോൾ റോഡുവഴിക്കുള്ള യാത്രതന്നെയാണ് താരതമ്യേന നല്ലത്. വിമാനത്തിൽ സഞ്ചരിക്കുമ്പോൾ നമുക്കു ഭൂമിയുമായി യാതൊരു ബന്ധവുമുണ്ടാവില്ല. മേഘമാലകളും നീലാകാശവും മാത്രമാവും കൂട്ടിന്. വിമാനത്തിന്റെ എഞ്ചിൻ പ്രവർത്തിക്കുന്ന നേരിയ മൂളൽ കേൾക്കാം; ഇടയ്ക്ക് എത്ര ഉയരത്തിൽ, എത്ര വേഗത്തിൽ പറക്കുന്നു എന്നു തുടങ്ങിയ അനുഷ്ഠാനപരമായ അറിയിപ്പുകളും. നിശ്ചിത ഇടവേളകളിൽ ആകാശസുന്ദരികളുടെ പരിചരണം അതും ആവർത്തനം കൊണ്ട് യാതൊരു പുതുമയുമില്ലാത്തത്.

വിമാനയാത്രയ്ക്കിടയ്ക്കുള്ള മുഖ്യആശ്വാസം വായനയാണ്. അതിനായി പുസ്തകങ്ങൾ എന്റെ ട്രാവൽ ബാഗിൽ മറക്കാതെ സൂക്ഷിക്കാറുണ്ട്. വിദേശയാത്രകളിൽ മണിക്കൂറോളം നിർത്താതെയുള്ള പറക്കലാണ്. നേരം പോകാൻ പത്രമാസികകളും ഇഷ്ടഗ്രന്ഥങ്ങളും മാത്രമാണ് ആശ്രയം. ധാരാളം മണിക്കൂറുകൾ ഞാൻ ആകാശത്ത് വായിച്ചിരിക്കണം എന്ന് കൗതുകത്തോടെ ഓർക്കാറുണ്ട്. എപ്പോഴെങ്കിലും വിമാനം താഴ്ന്നുപറക്കുമ്പോൾ മാത്രമെ ചിതറിക്കിടക്കുന്ന നീലക്കടൽ പോലും കാണാൻ പറ്റൂ.

കപ്പൽയാത്രയിലും ഭൂമി അകലെയകലെയാണ്. ചുറ്റിലും കടലിന്റെ നിലയ്ക്കാത്ത ചാഞ്ചാട്ടങ്ങൾ മാത്രം കാണാം. വിമാനത്തെ അപേക്ഷിച്ച്, ഇരിക്കാനും നടക്കാനും ഉറങ്ങാനും വിനോദത്തിനുമൊക്കെ കൂടുതൽ സൗകര്യം കപ്പലിലുണ്ട്. സഹയാത്രികരുമായി ഇടപഴകാനുള്ള സാവകാശവും അവസരങ്ങളും കപ്പൽയാത്ര ഒരുക്കിത്തരുന്നു.

**121. വിമാനം താഴ്ന്നു പറക്കുമ്പോൾ ചിതറിക്കിടക്കുന്നതായി ലേഖകന് തോന്നുന്നത് :**

(1) മേഘമാലകൾ

(2) നീലക്കടൽ

(3) നീലാകാശം

(4) വയലേലകൾ

**122. വിവിധതരം സഞ്ചാരരീതികളിൽ താരതമ്യേന ഏതു യാത്രയോടാണ് ലേഖകൻ ആഭിമുഖ്യം കാട്ടുന്നത് ?**

(1) റോഡ് യാത്ര

(2) തീവണ്ടിയാത്ര

(3) വിമാനയാത്ര

(4) കപ്പൽയാത്ര

**123. വിമാനയാത്രയിൽ ആശ്വാസം തരുന്നത് എന്ത് ?**

(1) ആകാശക്കാഴ്ചകൾ

(2) ആകാശസുന്ദരിമാരുടെ പരിചരണം

(3) വിമാനത്തിലെ അറിയിപ്പുകൾ

(4) വായന

**124. വിമാനയാത്രയുടെ മെച്ചമായി ചൂണ്ടിക്കാട്ടുന്നത് :**

(1) ഇരിക്കാനും നടക്കാനുമുള്ള സൌകര്യം.

(2) സഹയാത്രികരുമായി ഇടപഴകാനുള്ള സാവകാശം

(3) യാത്രയ്ക്കുള്ള സമയലാഭം

(4) ഉറങ്ങാനുള്ള സൌകര്യം

**125. യാത്രാവേളകളിൽ ലേഖകൻ മാറക്കതെ ബാഗിൽ സൂക്ഷിക്കുന്നത് എന്ത് ?**

(1) മരുന്നുകൾ

(2) ഭക്ഷണസാധനങ്ങൾ

(3) ക്യാമറ

(4) പുസ്തകങ്ങൾ

126. 'ഔദ്യോഗികം' എന്ന പദത്തിന്റെ വിപരീത രൂപം

(1) പ്രായോഗികം

(2) അപ്രായോഗികം

(3) അനൗദ്യോഗികം

(4) നിരൗദ്യോഗികം

127. ലേഖകൻ കൗതുകത്തോടെ ഓർക്കുന്നത് എന്ത് ?

(1) വിമാനയാത്രയുടെ സുഖം

(2) രാജ്യങ്ങൾ സന്ദർശിക്കാൻ അവസരം കിട്ടിയത്

(3) മണിക്കൂറുകളോളം ആകാശത്തുവെച്ചുള്ള പുസ്തകവായന

(4) ഔദ്യോഗികയാത്രകൾക്ക് ക്ഷണം ലഭിച്ചതിനെക്കുറിച്ച്

128. ഈ ഗദ്യഭാഗത്ത് പ്രധാനമായും വിവരിക്കുന്നത് :

(1) വിമാനത്തെക്കുറിച്ച്

(2) കപ്പലിനെക്കുറിച്ച്

(3) വായനയെക്കുറിച്ച്

(4) യാത്രയെക്കുറിച്ച്

**താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് (129-135) ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക :**

കുമാഊണിൽ, ഇന്ത്യയിലെ പ്രഥമ വന്യജീവി സംരക്ഷണ പാർക്ക് 1934 ൽ കോർബറ്റാണ് സ്ഥാപിച്ചത്. കുമാഊൺ മലകളിലെ ജനജീവിതവുമായി ഇഴുകിച്ചേർന്ന കോർബറ്റ്, തദ്ദേശവാസികൾക്ക് ഏറെ പ്രിയങ്കരനായിരുന്നു. ഹിമാലയൻ ഗ്രാമങ്ങളിലെ നാട്ടുഭാഷകൾ അദ്ദേഹം എളുപ്പത്തിൽ സ്വായത്തമാക്കുകയും ഗ്രാമീണരെ ആഴത്തിൽ സ്വാധീനിക്കുകയും ചെയ്തു. കുമാഊണിലെ 'സാധു' (സന്യാസി) എന്നാണ് പലരും അദ്ദേഹത്തെ സംബോധന ചെയ്തിരുന്നത്.

1947 ൽ കോർബറ്റ്, സഹോദരി മാഗിയോടൊപ്പം കെനിയയിലെ നയേരിയിലേക്കു കുടിയേറിപ്പാർത്തു. അവടെവെച്ചും അദ്ദേഹം വനവന്യജീവി സംരക്ഷണ പ്രവർത്തനങ്ങളിലേർപ്പെട്ടു. കടുവവംശത്തിനു നേരിട്ടുകൊണ്ടിരുന്ന നാശത്തിൽ അദ്ദേഹത്തിന് ഏറെ ഉത്കണ്ഠയുണ്ടായിരുന്നു.
കെനിയയിൽവച്ചാണ് അദ്ദേഹം തന്റെ മിക്ക പുസ്തകങ്ങളും രചിച്ചത്.

നൈനിറ്റാളിനടുത്തുള്ള 'കോർബറ്റ് നാഷണൽ പാർക്ക് അദ്ദേഹത്തിന്റെ സ്മാരകമാണ്. കോർബറ്റ് മുൻകൈയെടുത്ത് സ്ഥാപിച്ച ഈ വന്യജീവി സംരക്ഷണകേന്ദ്രം ആദ്യം അറിയപ്പെട്ടിരുന്നത് 'ഹെയ്‌ലി നാഷണൽ പാർക്ക് 'എന്ന പേരിലായിരുന്നുവെങ്കിലും പിന്നീടത് 'രാംഗംഗ നാഷണൽ പാർക്ക് ' ആയി മാറി. 1957 ലാണ് ജിം കോർബറ്റിന്റെ ഓർമ്മയ്ക്ക് 'കോർബറ്റ് നാഷണൽ പാർക്ക്' എന്ന് അത് പുനർനാമകരണം ചെയ്യപ്പെട്ടത്.

'പ്രൊജക്റ്റ് ടൈഗർ' പദ്ധതിയനുസരിച്ച് ഭാരതത്തിൽ സ്ഥാപിക്കപ്പെട്ട ഒൻപത് കടുവസംരക്ഷണ കേന്ദ്രങ്ങളിൽ ഒന്നത്രെ കോർബറ്റ് നാഷണൽ പാർക്ക്. ആന, കടുവ, പുള്ളിപ്പുലി, കരടി, മാൻ, കുരങ്ങ്, മുതല, പാമ്പ് തുടങ്ങി വിവിധ ഇനം വന്യജീവികൾ ഈ പാർക്കിൽ സംരക്ഷിക്കപ്പെടുന്നു. അതിനുപുറമെ, പലതരത്തിലുള്ള പക്ഷികളെയും ഇവിടെ സമൃദ്ധമായി കാണാം. കോർബറ്റ് നാഷണൽ പാർക്ക് ടൂറിസ്റ്റുകളുടെ മുഖ്യ ആകർഷണ കേന്ദ്രമാണ്. കോർബറ്റിന്റെ നൈനിറ്റാളിലെ കാലധുങ്കിയിലുള്ള ശൈത്യകാലവാസസ്ഥലം സർക്കാർ 'ജിം കോർബറ്റ് മ്യൂസിയ' മാക്കി മാറ്റിയിട്ടുണ്ട്.

ജീവിതസായാഹ്നത്തിലും വന്യജീവികളിലുള്ള താൽപര്യം കോർബറ്റ് കാത്തു സൂക്ഷിച്ചു.

അദ്ദേഹം കാടിന്റെയും പക്ഷിമൃഗാദികളുടെയും സൗന്ദര്യത്തിൽ ലയിച്ച് ശിഷ്ടജീവിതകാലം ചെലവഴിച്ചു. അറിയപ്പെടുന്ന ഒരു വന-വന്യജീവി ഫോട്ടോഗ്രാഫർ കൂടിയായിരുന്നു ജിം കോർബറ്റ്. 1955 എപ്രിൽ 19-ാം തീയതി, ഹൃദയാഘാതത്തെത്തുടർന്ന് നയേരിയിൽ വെച്ച് കോർബറ്റ് മരണമടഞ്ഞു. അദ്ദേഹത്തിന്റെ സന്തത സഹചാരിയായ മാഗി, മരണവേളയിലും സഹോദരനോട് ഒപ്പമുണ്ടായിരുന്നു.

**129. കോർബറ്റ് ഏറ്റവും ഉത്കണ്ഠപ്പെട്ടത് എന്തിന് ?**

(1) ഹിമാലയൻ ഗ്രാമങ്ങളിലെ നാട്ടു ഭാഷകൾ പഠിക്കുന്നതിന്

(2) ഹിമാലയത്തിലെ പരിസ്ഥിതിനാശത്തിൽ

(3) കടുവകളുടെ വംശനാശത്തിൽ

(4) മ്യൂസിയം സ്ഥാപിക്കുന്ന കാര്യത്തിൽ

**130. ശീതകാലം എന്നതിന്റെ വിപരീത രൂപം എന്ത് ?**

(1) വസന്ത കാലം

(2) മഞ്ഞു കാലം

(3) മഴക്കാലം

(4) ഉഷ്ണ കാലം

**131. ജിം കോർബറ്റിനെ ആളുകൾ സംബോധന ചെയ്തത് :**

(1) കുമാഊണിലെ ഹണ്ടർ

(2) കുമാഊണിലെ ഫോട്ടോഗ്രാഫർ

(3) കുമാഊണിലെ കടുവ പ്രേമി

(4) കുമാഊണിലെ സാധു

**132. കോർബറ്റ് പുസ്തകരചന നടത്തിയത് എവിടെ വച്ചായിരുന്നു**

(1) കുമാഊണിൽ

(2) നൈനിറ്റാളിൽ

(3) കെനിയയിൽ

(4) മസ്സൂറിയിൽ

**133. 'കോർബറ്റ് നാഷണൽ പാർക്ക് ' നിലവിൽ വന്ന വർഷം ഏത്**

(1) 1934

(2) 1947

(3) 1955

(4) 1957

**134. കോർബറ്റ് നാഷണൽ പാർക്കിന്റെ ഏറ്റവും ആദ്യത്തെ പേര് എന്തായിരുന്നു ?**

(1) ഹിമാലയൻ നാഷണൽ പാർക്ക്

(2) കുമാഊൺ നാഷണൽ പാർക്ക്

(3) ഹെയ്‌ലി നാഷണൽ പാർക്ക്

(4) രാം ഗംഗ നാഷണൽ പാർക്ക്

**135. ജിം കോർബറ്റ് മൂസിയം സ്ഥിതിചെയുന്നത് എവിടെയാണ് ?**

(1) കുമാഊൺ

(2) നൈനിറ്റാൾ

(3) ഡെറാഡൂൺ

(4) നയേരി

**136. നാലാം ക്ലാസ്സിലെ കുട്ടികൾക്ക് സ്വതന്ത്രമായി എഴുതുന്നതിനു വേണ്ടി ഒരു ടീച്ചർക്ക് നിർദ്ദേശിക്കാൻ കഴിയുന്ന വിഷയം :**

(1) സാമൂഹിക പ്രശ്നങ്ങൾ

(2) ദേശീയോദ്ഗ്രഥനം

(3) സ്വന്തം ജീവിതം

(4) പരിസ്ഥിതി പ്രശ്നങ്ങൾ

**137. അനൌപചാരിക രീതിയിലുള്ള ഭാഷാപഠനത്തിൽ ഉൾപ്പെടുന്നത് ഏത് ?**

(1) ഭാഷാപരീക്ഷണശാല

(2) ഗൃഹാന്തരീക്ഷം

(3) ഭാഷാപരിശീലനകേന്ദ്രങ്ങൾ

(4) വിദ്യാലയം

**138. വായിച്ചു കേട്ട കഥ വീണ്ടും പറയാൻ കുട്ടികളോട് ആവശ്യപ്പെടുന്നതിലൂടെ കുട്ടികളുടെ ഏതു ശേഷിയെയാണ് ടീച്ചർക്ക് വിലയിരുത്താൻ സാധിക്കുന്നത് ?**

(1) ഓർമ്മശക്തി

(2) അവധാരണം

(3) ഉച്ചാരണം

(4) അക്ഷരശുദ്ധി

**139. ലേഖനവൈകല്യമെന്നത് :**

(1) ഡിസ്‌ലെക്സിയ

(2) ഡിസ്ഗ്രാഫിയ

(3) ഡിസ്കാൽക്കുലിയ

(4) ഡിസ്ഫോറിയ

**140. 'വായന' എന്നത് ശരിയായ ഉച്ചാരണത്തോടെ വായിക്കുന്നതു മാത്രമല്ല, അതോടൊപ്പം പ്രാധാന്യമുള്ളതാണ് :**

(1) നല്ല ഭാഷകനാവുന്നത്

(2) പാഠത്തിന്റെ അർത്ഥം മനസ്സിലാക്കുന്നത്

(3) പുതിയ പദസഞ്ചയവും വാക്യഘടനയും പഠിക്കുന്നത്

(4) പുതിയ വാക്കുകൾ ഉച്ചരിക്കുന്നതിലെ തടസ്സങ്ങൾ മറികടക്കുന്നത്

**141. പ്രാഥമികക്ലാസ്സുകളിൽ കുട്ടികളെ മാതൃഭാഷയിലൂടെ പഠിപ്പിക്കണമെന്ന് നിർദ്ദേശിക്കാൻ കാരണം :**

(1) അവരുടെ പ്രാദേശിക ഭാഷാ ഭേദങ്ങൾ വികസിപ്പിക്കാൻ

(2) സ്വാഭാവികമായ അന്തരീക്ഷം സൃഷ്ടിക്കാൻ

(3) കുട്ടികൾക്ക് മറ്റുഭാഷകൾ മനസ്സിലാകാത്തതുകൊണ്ട്

(4) കുട്ടികളിലെ സർഗശേഷി വളർത്തുന്നതിന്

142. ഒന്നാംക്ലാസ്സിലെ ഒരു ഭാഷാ പാഠപുസ്തകം കവിതകളിൽ തുടങ്ങി കഥകളിലൂടെ അക്ഷരമാലയിലെത്തുന്ന രീതിയിലാണ്. ഇത് ഏതു സമീപന രീതിയാണ് ?

(1) ഊർധ്വഗാമിയായ സമീപനം (Bottom-up)

(2) അധോഗാമിയായ സമീപനം (Top-down)

(3) അനുശാസിത സമീപനം (Disciplinary)

(4) അധ്യയനക്രമാനുസാരി (Curriculum frame work)

143. താഴെ കൊടുത്തവയിൽ ശരിയായ പ്രസ്താവന ഏത് ?

(1) ഒന്നാംക്ലാസ്സിലെ കുട്ടികൾക്ക് ഒട്ടും ഇംഗ്ലീഷറിയില്ല

(2) കുട്ടികൾ അനുഭവസമ്പത്തുമായാണ് സ്കൂളിലെത്തുന്നത്

(3) സ്കൂളിലെത്തുന്നതിനു മുമ്പ് കുട്ടികൾ കാലിസ്ലേറ്റു പോലെ യാണ്

(4) കുറേ പദങ്ങൾ ഉരുവിട്ടുകൊണ്ടാകണം കുട്ടികളെ ഭാഷ പഠിപ്പിക്കേണ്ടത്.

144. സ്വാഭാവികമായ രീതിയിൽ ഒരു കുട്ടി പ്രഥമഭാഷ __________ :

(1) പഠിക്കുന്നു

(2) അനുകരിക്കുന്നു

(3) സ്വായത്തമാക്കുന്നു

(4) ഉറപ്പിക്കുന്നു

145. താഴെ കൊടുത്തവയിൽ സ്വീകരണ നൈപുണിയിൽ (receptive skill) പെടുന്നത് ഏവ ?

(1) ശ്രവണവും ഭാഷണവും

(2) ശ്രവണവും വായനയും

(3) വായനയും ലേഖനവും

(4) വായനയും ഭാഷണവും

146. നാമവിശേഷണം പഠിപ്പിക്കുമ്പോൾ അതിന്റെ ഏതെങ്കിലും ഒരു പ്രത്യേകത പറയാൻ കുട്ടികളോട് ആവശ്യപ്പെട്ട ശേഷം ടീച്ചർ അതിന്റെ നിർവ്വചനം നല്കുന്നു ഈ രീതിയെ വിശേഷിപ്പിക്കുന്നത് :

(1) ആഗമനരീതി (Inductive)

(2) നിഗമനരീതി (Deductive)

(3) സമഗ്രഭൗതിക പ്രതികരണം (Total physical response)

(4) നിമജ്ജന രീതി (Immersion)

**147. ഔപചാരികരീതിയിൽ ടീച്ചറുടെ സഹായത്തോടെ അഭ്യസിക്കപ്പെടുന്ന ഭാഷ ഏത് ?**

(1) പ്രഥമഭാഷ

(2) ദ്വിതീയഭാഷ

(3) മാതൃഭാഷ

(4) ഗൃഹഭാഷ

**148. ഒരു ടീച്ചർ പുതിയവാക്കുകൾ പഠിപ്പിക്കുന്നതിന് യഥാർത്ഥവസ്തുക്കൾ ഉപയോഗിക്കുന്നു : എന്തെന്നാൽ :**

(1) വസ്തുക്കളിലൂടെ മാത്രമേ പുതിയ വാക്കുകൾ പഠിപ്പിക്കാൻ കഴിയൂ.

(2) വാക്കുകളിലെ അക്ഷരവിന്യാസം പഠിപ്പിക്കുന്നത് എളുപ്പമാക്കുന്നു.

(3) പഠിതാക്കൾക്ക് വാക്കുകളുമായി ബന്ധപ്പെട്ട യഥാർത്ഥ വസ്തുക്കളെക്കുറിച്ചുള്ള ധാരണ വളർത്താനും അവരുടെ ഭാഷയിൽ പ്രയോഗിക്കാനും കഴിയുന്നു.

(4) ചെറുപ്രായത്തിലുള്ള പഠിതാക്കൾക്ക് അമൂർത്തമായ ആശയങ്ങൾ മനസ്സിലാക്കാൻ ബുദ്ധിമുട്ടുള്ളതിനാൽ യഥാർത്ഥവസ്തുക്കൾ സഹായകമായിത്തീരുന്നു.

**149. ഭാഷാബോധനത്തിൽ സാഹിത്യം നിർബന്ധമായും ഉൾപ്പെടുത്തണം – കാരണം :**

(1) ആധികാരികമായ ഭാഷാധ്യാപനത്തിനും അധ്യയനത്തിനും അത് മാധ്യമമാണ്

(2) പഠിതാവിനെ വിമർശനാത്മകമായി ചിന്തിക്കാൻ സഹായിക്കുന്നു.

(3) പാഠ്യപദ്ധതിയുടെ ഭാരം കുറയ്ക്കാൻ കുട്ടികളെ സഹായിക്കുന്നു.

(4) കുട്ടികളെ പുതിയ വാക്കുകൾ പഠിക്കാൻ സഹായിക്കുന്നു.

**150. ഒരു ഭാഷാക്ലാസ്സിൽ കഥ പറയുന്നതിന് വളരെ പ്രാധാന്യമുണ്ട്. കാരണം അത് :**

(1) ഗുണപാഠം പഠിപ്പിക്കുന്നു

(2) രസിപ്പിക്കുന്നതിന് നല്ല മാർഗ്ഗമാണ്

(3) ടീച്ചർക്ക് വിശ്രമം നല്കുന്നു

(4) ഭാഷയെ സമഗ്രതയിൽ അവതരിപ്പിക്കുന്നു

SPACE FOR ROUGH WORK

**താഴെ തന്നിരിക്കുന്ന നിർദ്ദേശങ്ങൾ സശ്രദ്ധം വായിക്കുക :**

1. വിവിധ ചോദ്യങ്ങൾക്ക് ഉത്തരമെഴുതേണ്ടവിധം പരീക്ഷാ പുസ്തികയിൽ നൽകിയിരിക്കുന്നത് ശ്രദ്ധിച്ചു വായിച്ചശേഷം ഉത്തരമെഴുതാൻ തുടങ്ങുക.
2. ഓരോ ചോദ്യത്തിനും നാലു പക്ഷാന്തരങ്ങൾ തന്നിരിക്കുന്നു, അവയിൽ ശരിയുത്തരത്തിനുള്ള വട്ടത്തിൽ OMR ഉത്തരക്കടലാസ്സിൽ നീല പേനകൊണ്ട് പൂർണ്ണമായും നിറച്ച് രേഖപ്പെടുത്തുക. ഒരിയ്ക്കൽ രേഖപ്പെടുത്തിയ ഉത്തരം മാറ്റാവുന്നതല്ല.
3. ഉത്തരക്കടലാസ്സ് മടക്കരുത്. അതിൽ അനാവശ്യമായ രേഖപ്പെടുത്തലുകളോ മറ്റോ ഇല്ലെന്ന പരീക്ഷാർത്ഥികൾ ഉറപ്പു വരുത്തുക. നിർദ്ദേശിച്ച ഇടത്തല്ലാതെ മറ്റൊരിടത്തും സ്വന്തം റോൾ നമ്പർ എഴുതരുത്.
4. പരീക്ഷാ പുസ്തിക സൂക്ഷിച്ച് കൈകാര്യം ചെയ്യുക. യാതൊരു കാരണവശാലും (പരീക്ഷാ പുസ്തിക സങ്കേതമോ ഉത്തരക്കടലാസ്സിലെ സങ്കേതമോ തമ്മിലുള്ള അപാകതയൊഴിച്ച്) മറ്റൊരു സെറ്റ് ലഭിക്കുന്നതല്ല.
5. ഹാജർ ഷീറ്റിൽ ശരിയായ പരീക്ഷാ പുസ്തിക സങ്കേതവും ഉത്തരക്കടലാസ്സ് സങ്കേതവും പരീക്ഷാർത്ഥി എഴുതിയിരിക്കണം.
6. OMR ഉത്തരക്കടലാസ് പരിശോധിക്കുന്നത് ഒരു യന്ത്രമായതിനാൽ സൂചനകൾ അപൂർണ്ണമോ അഡ്മിറ്റ് കാർഡിൽ നിന്നു വ്യത്യസ്തമോ ആവരുത്.
7. അഡ്മിറ്റ് കാർഡ് ഒഴിച്ച് അച്ചടിച്ചതോ എഴുതിയതോ ആയ യാതൊരു പ്രമാണമോ, കടലാസ്സുകഷ്ണങ്ങളോ, പേജറോ, മൊബൈൽ ഫോണോ വൈദ്യുതി ഉപകരണങ്ങളോ മറ്റൊരു വസ്തുവും പരീക്ഷാർത്ഥിയുടെ കൈവശം ഉണ്ടാവരുത്.
8. മൊബൈൽ ഫോണോ മറ്റു വയർലസ് സംവിധാനങ്ങളോ (സ്വിച്ച് ഓഫ് മോഡിൽപോലും) നിരോധിക്കപ്പെട്ട വസ്തുക്കളോ പരീക്ഷാ ഹാളിൽ കൊണ്ടു വരരുത്. ഈ നിർദ്ദേശത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്നത് പരീക്ഷാ ക്രമക്കേടിന്റെ ഭാഗമായി കണക്കാക്കി അവർക്കെതിരെ പരീക്ഷാ റദ്ദാക്കുന്നതുൾപ്പടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.
9. ആവശ്യപ്പെട്ടാൽ ഇൻവിജിലേറ്ററിന് അഡ്മിറ്റ് കാർഡ് കാണിക്കേണ്ടതാണ്.
10. സെന്റർ സൂപ്രണ്ടിന്റെയോ/ഇൻവിജിലേറ്ററിന്റെയോ പ്രത്യേക അനുമതിയില്ലാതെ പരീക്ഷാർത്ഥി സ്വന്തം ഇരിപ്പിടം വിടരുത്.
11. ഹാജർഷീറ്റ് രണ്ടു തവണ ഒപ്പിടുകയും ഉത്തരക്കടലാസ്സ് തിരിച്ച് ഇൻവിജിലേറ്ററിനെ ഏല്പിക്കുകയും ചെയ്യാതെ പരീക്ഷാർത്ഥി പരീക്ഷാ ഹാൾ വിടരുത്. രണ്ടാം പ്രാവശ്യം ഹാജർ ഷീറ്റു ഒപ്പിടാത്ത കേസുകൾ ഉത്തരക്കടലാസ്സ് ഏല്പിക്കാത്തതായും, ക്രമക്കേടുകാട്ടിയതായും കണക്കാക്കും.
12. ഇലക്ട്രോണിക്/മാനുഷിക കാൽക്കുലേറ്റർ നിരോധിച്ചിരിക്കുന്നു.
13. ബോർഡിന്റെ എല്ലാ നിയമങ്ങളും നിബന്ധനകളും പരീക്ഷാർത്ഥിക്ക് ബാധകമാണ്. എല്ലാവിധ ക്രമക്കേടുകളിലും ബോർഡിന്റെ നിയമവും നിബന്ധനയും അനുസരിച്ച് ഇടപെടുന്നതായിരിക്കും.
14. പരീക്ഷാ പുസ്തികയുടെയും ഉത്തരക്കടലാസ്സിന്റെയും യാതൊരു അംശവും വേർപെടുത്തുവാൻ പാടില്ല.
15. പരീക്ഷ എഴുതിക്കഴിഞ്ഞാൽ പരീക്ഷാർത്ഥികൾ ഉത്തരക്കടലാസ്സ് ഇൻവിജിലേറ്ററിനെ ഏല്പിച്ചിരിയ്ക്കണം. ഈ പുസ്തിക പരീക്ഷാർത്ഥിക്ക് കൂടെ കൊണ്ടുപോകാവുന്നതാണ്.

**निम्नलिखित निर्देशों को ध्यान से पढ़ें :**

1. जिस प्रकार से विभिन्न प्रश्नों के उत्तर दिए जाने हैं उसका वर्णन परीक्षा पुस्तिका में किया गया है, जिसे आप प्रश्नों का उत्तर देने से पहले ध्यान से पढ़ लें ।
2. प्रत्येक प्रश्न के लिए दिए गए चार विकल्पों में से सही उत्तर के लिए OMR उत्तर पत्र के **पृष्ठ-2** पर केवल एक वृत्त को ही पूरी तरह **काले/नीले बॉल पॉइन्ट पेन** से भरें । एक बार उत्तर अंकित करने के बाद उसे बदला नहीं जा सकता है ।
3. परीक्षार्थी सुनिश्चित करें कि इस उत्तर पत्र को मोड़ा न जाए एवं उस पर कोई अन्य निशान न लगाएँ । परीक्षार्थी अपना अनुक्रमांक उत्तर-पत्र में निर्धारित स्थान के अतिरिक्त अन्यत्र न लिखें ।
4. परीक्षा पुस्तिका एवं उत्तर पत्र का ध्यानपूर्वक प्रयोग करें, क्योंकि किसी भी परिस्थिति में (केवल परीक्षा पुस्तिका एवं उत्तर पत्र के संकेत या संख्या में भिन्नता की स्थिति को छोड़कर) दूसरी परीक्षा पुस्तिका उपलब्ध नहीं करायी जाएगी ।
5. परीक्षा पुस्तिका / उत्तर पत्र में दिए गए परीक्षा पुस्तिका संकेत व संख्या को परीक्षार्थी सही तरीके से हाज़िरी-पत्र में लिखें ।
6. OMR उत्तर पत्र में कोडित जानकारी को एक मशीन पढ़ेगी । इसलिए कोई भी सूचना अधूरी न छोड़ें और यह प्रवेश-पत्र में दी गई सूचना से भिन्न नहीं होनी चाहिए ।
7. परीक्षार्थी द्वारा परीक्षा हॉल/कक्ष में प्रवेश-पत्र के सिवाय किसी प्रकार की पाठ्य-सामग्री, मुद्रित या हस्तलिखित, कागज़ की पर्चियाँ, पेजर, मोबाइल फोन, इलेक्ट्रॉनिक उपकरण या किसी अन्य प्रकार की सामग्री को ले जाने या उपयोग करने की अनुमति नहीं है ।
8. मोबाइल फोन, बेतार संचार युक्तियाँ (स्वीच ऑफ अवस्था में भी) और अन्य प्रतिबंधित वस्तुएँ परीक्षा हॉल/कक्ष में नहीं लाई जानी चाहिए । इस सूचना का पालन न होने पर इसे परीक्षा में अनुचित साधनों का प्रयोग माना जाएगा और उनके विरुद्ध कार्यवाही की जाएगी, परीक्षा रद्द करने सहित ।
9. पूछे जाने पर प्रत्येक परीक्षार्थी, निरीक्षक को अपना प्रवेश-पत्र दिखाएँ ।
10. केन्द्र अधीक्षक या निरीक्षक की विशेष अनुमति के बिना कोई परीक्षार्थी अपना स्थान न छोड़ें ।
11. कार्यरत निरीक्षक को अपना उत्तर पत्र दिए बिना एवं हाज़िरी-पत्र पर दुबारा हस्ताक्षर किए बिना परीक्षार्थी परीक्षा हॉल/कक्ष नहीं छोड़ेंगे । यदि किसी परीक्षार्थी ने दूसरी बार हाज़िरी-पत्र पर हस्ताक्षर नहीं किए, तो यह माना जाएगा कि उसने उत्तर पत्र नहीं लौटाया है और यह अनुचित साधन का मामला माना जाएगा । **परीक्षार्थी अपने बाएँ हाथ के अंगूठे का निशान हाज़िरी-पत्र में दिए गए स्थान पर अवश्य लगाएँ ।**
12. इलेक्ट्रॉनिक / हस्तचालित परिकलक का उपयोग वर्जित है ।
13. परीक्षा हॉल/कक्ष में आचरण के लिए परीक्षार्थी बोर्ड के सभी नियमों एवं विनियमों द्वारा नियमित हैं । अनुचित साधनों के सभी मामलों का फैसला बोर्ड के नियमों एवं विनियमों के अनुसार होगा ।
14. किसी हालत में परीक्षा पुस्तिका और उत्तर पत्र का कोई भाग अलग न करें ।
15. **परीक्षा सम्पन्न होने पर, परीक्षार्थी हॉल / कक्ष छोड़ने से पूर्व उत्तर पत्र कक्ष-निरीक्षक को अवश्य सौंप दें । परीक्षार्थी अपने साथ इस परीक्षा पुस्तिका को ले जा सकते हैं ।**

**READ THE FOLLOWING INSTRUCTIONS CAREFULLY:**

1. The manner in which the different questions are to be answered has been explained in the Test Booklet which you should read carefully before actually answering the questions.
2. Out of the four alternatives for each question, only one circle for the correct answer is to be darkened completely with **Black/Blue Ball Point Pen** on **Side-2** of the OMR Answer Sheet. The answer once marked is not liable to be changed.
3. The candidates should ensure that the Answer Sheet is not folded. Do not make any stray marks on the Answer Sheet. Do not write your Roll No. anywhere else except in the specified space in the Answer Sheet.
4. Handle the Test Booklet and Answer Sheet with care, as under no circumstances (except for discrepancy in Test Booklet Code or Number and Answer Sheet Code or Number), another set will be provided.
5. The candidates will write the correct Test Booklet Code and Number as given in the Test Booklet / Answer Sheet in the Attendance Sheet.
6. A machine will read the coded information in the OMR Answer Sheet. Hence, no information should be left incomplete and it should not be different from the information given in the Admit Card.
7. Candidates are not allowed to carry any textual material, printed or written, bits of papers, pager, mobile phone, electronic device or any other material except the Admit Card inside the examination hall/ room.
8. Mobile phones, wireless communication devices (even in switched off mode) and the other banned items should not be brought in the examination halls/ rooms. Failing to comply with this instruction, it will be considered as using unfair means in the examination and action will be taken against them including cancellation of examination.
9. Each candidate must show on demand his / her Admit Card to the Invigilator.
10. No candidate, without special permission of the Centre Superintendent or Invigilator, should leave his / her seat.
11. The candidates should not leave the Examination Hall/ Room without handing over their Answer Sheet to the Invigilator on duty and sign the Attendance Sheet twice. Cases where candidate has not signed the Attendance Sheet a second time will be deemed not to have handed over the Answer Sheet and dealt with as an unfair means case. **The candidates are also required to put their left hand THUMB impression in the space provided in the Attendance Sheet.**
12. Use of Electronic / Manual Calculator is prohibited.
13. The candidates are governed by all Rules and Regulations of the Board with regard to their conduct in the Examination Hall/Room. All cases of unfair means will be dealt with as per Rules and Regulations of the Board.
14. No part of the Test Booklet and Answer Sheet shall be detached under any circumstances.
15. **On completion of the test, the candidate must hand over the Answer Sheet to the Invigilator in the Hall / Room.** ***The candidates are allowed to take away this Test Booklet with them.***